**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1860** **08-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ താറാവ് കർഷകർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | താറാവ് കൃഷിയിലൂടെ ഉപജീവനം നടത്തുന്ന കുട്ടനാട്ടിലെ കർഷകർക്ക് അവരുടെ ജീവിത പ്രയാസങ്ങൾ മനസിലാക്കി കൂടുതൽ ആനുകൂല്യങ്ങൾ നല്കാൻ നടപടി സ്വീകരിക്കുമോ; | (എ) | താറാവ് കൃഷി പ്രോത്സാഹിപ്പിക്കാൻ പകർച്ചവ്യാധി ഇൻഷ്വറൻസ് നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിഗണിച്ചു വരികയാണ്. ഇതിന്റെ തുടക്കമെന്ന നിലയിൽ നടപ്പ് സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റിൽ ഇതിനായി പുതിയ ബഡ്ജറ്റ് ശീർഷകം അനുവദിച്ച് 1000/-രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. |
| (ബി) | മേൽത്തരം നാടൻ താറാവ് കുഞ്ഞുങ്ങളെ കർഷകർക്ക് സൗജന്യമായി നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | സൗജന്യമായി താറാവ് കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതി ഇല്ലെങ്കിലും 2021-22 കാലയളവിൽ കുട്ടനാട് നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയും വകുപ്പുതല പദ്ധതിയിൽ ഉൾപ്പെടുത്തിയും താഴെ പറയുന്ന പദ്ധതികൾക്കായി തുക അനുവദിച്ചിട്ടുണ്ട്. 10 താറാവ് കുഞ്ഞുങ്ങൾ അടങ്ങുന്ന ഒരു യൂണിറ്റിന് 1200/- രൂപയുടെ സഹായം നൽകി വരുന്നു. റീബിൽഡ് കേരളാ പദ്ധതി 2021-22 ക്രമ നം സ്ഥാപനം അനുവദിച്ച യൂണീറ്റ്(ഒരു യൂണീറ്റ് 10 എണ്ണം) അനുവദിച്ച തുക 1 വെറ്ററിനറി ഡിസ്പെൻസറികാവാലം 50 60,000 2 വെറ്ററിനറി ഡിസ്പെൻസറി നീലംപേരൂർ 17 20,400 3 വെറ്ററിനറി ഡിസ്പെൻസറി തകഴി 15 18,000 4 വെറ്ററിനറി ഡിസ്പെൻസറി പുളിംകുന്ന് 150 1,80,000 വകുപ്പുതല പദ്ധതി 2021-22 1 വെറ്ററിനറി ഡിസ്പെൻസറികൈനകരി 15 18,200 2 വെറ്ററിനറി ഡിസ്പെൻസറി മുട്ടാർ 25 30,300 |
| (സി) | രോഗം മൂലം താറാവുകൾ ചത്തൊടുങ്ങുമ്പോൾ കർഷകർക്ക് അടിയന്തരമായി സഹായം എത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | നിലവിൽ താറാവുകൾക്ക് ഉണ്ടാകുന്ന ഡക്ക്പ്ലേഗ്, ഡക്ക് പാസ്ചറെല്ലോസിസ്, എന്നീ രോഗങ്ങൾ, പ്രകൃതിക്ഷോഭം എന്നിവ മൂലം മരണമടയുന്ന താറാവുകൾക്ക് ഒന്നിന് 50/- രൂപ നിരക്കിൽ പരമാവധി 50,000/- രൂപ വരെ മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്ത നിവാരണത്തിനായി അനുവദിച്ചിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും തുക നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെടുന്നവയ്ക്കും, നശിപ്പിക്കുന്നതുമായ താറാവുകൾക്ക് നിലവിൽ രണ്ട് മാസത്തിനു മുകളിൽ പ്രായമുള്ളവയ്ക്ക് 200/- രൂപ നിരക്കിലും, രണ്ട് മാസത്തിനു താഴെ പ്രായമുള്ളവയ്ക്ക് 100/- രൂപ നിരക്കിലും നഷ്ടപരിഹാരം നൽകി വരുന്നു. |
| (ഡി) | താറാവ് കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനു കൂടുതൽ ആനുകൂല്യങ്ങൾ നൽകുമോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ